പീരുമേട് ഗവൺമെൻറ് ആശുപത്രി കെട്ടിടത്തിൻെറ പണി

465 [658] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) പീരുമേട് ഗവൺമെൻറ് ആശുപത്രി കെട്ടിടത്തിൻെറ പണി പൂർത്തിയാക്കാത്തതിൻെറ കാരണം വ്യക്തമാക്കാമോ ;

(ബി) പണി പൂർത്തിയാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ;

(സി) പീരുമേട് ഗവൺമെൻറ് ആശുപത്രിയുടെ പണി ഏറ്റെടുത്തിട്ടുള്ള കോൺട്രാക്ടർക്ക് കുടിശ്ശികതുകയുള്ള ബില്ല് മാസങ്ങൾ കഴിഞ്ഞിട്ടും നൽകിയിട്ടില്ലെന്നുള്ള വിവരം സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കുടിശ്ശിക തുക നൽകുന്നതിനു എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

(ഇ) കുടിശ്ശിക തുക നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ;

(എഫ്) പീരുമേട് താലൂക്കിൽ പൊതുമരാമത്ത് വകുപ്പിൻെറ കീഴിൽ എത്ര രൂപയുടെ പണികൾ നടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 90 ശതമാനം പണി നടന്നുകഴിഞ്ഞിട്ടുണ്ട്. സാമ്പത്തികബുദ്ധിമുട്ടുകാരണം കോൺട്രാക്ടർ പണി മന്ദീഭവിപ്പിച്ചതിനാലാണ് പണി പൂർത്തിയാകാത്തത്.

(ബി) സ്വീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി, ഇ) കുടിശ്ശിക തുക നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

(എഫ്) ഏകദേശം 150.8 ലക്ഷം രൂപയുടെ പണി നടക്കുന്നുണ്ട്.

കൂറുമണ്ണ്-പൈകടപ്പീടിക-പയസ്മൗണ്ട് റോഡിൻെറ പണി

466 [659] ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ എം. എൽ. എ. റോഡായ കൂറുമണ്ണ്-പൈകടപ്പീടിക-പയസ്മൗണ്ട് റോഡിൻെറ പണി കോൺട്രാക്ടർ നാളിതുവരെ ആരംഭിച്ചിട്ടില്ലാ എന്ന കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എത്രയുംവേഗം പണിയാരംഭിക്കുവാനുള്ള നടപടി സ്വീകരിക്കുമോ ;

(സി) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ എം. എൽ. എ. റോഡായ തേൻപുഴ-ഇളംകാട് റോഡിൻെറ പണി പൂർത്തിയാകാറായെങ്കിലും പാലങ്ങളും കലുങ്കുകളും ടെണ്ടർ ചെയ്തിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എത്രയും വേഗം ടെണ്ടർ ചെയ്യുവാനുള്ള നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly